I/30968/2023

## 04/10/2023-ൽ 2.30 PM-ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ നടന്ന റവന്യൂ അവലോകനയോഗത്തിന്റെ മിനിറ്റ്സ്

2.30 PM-ന് യോഗം ആരംഭിച്ചു. ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

16/09/2023 മുതൽ 15/10/2023 വരെയുള്ള ഒരു മാസകാലയളവിൽ പൂർത്തിയാക്കേണ്ട ഡിസ്കണക്ഷനുകളുടെ ടാർഗറ്റ് നൽകിയതിൽ ഓരോ ഡിവിഷനുകളുടെയും പുരോഗതി, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് കണക്ഷനുകൾ ശരിയായി മാർക്ക് ചെയ്യേണ്ടത്, കണക്ഷനുകൾ റൂട്ട് മാപ്പിങ് ചെയ്യുന്നതിലെ പുരോഗതി എന്നീ വിഷയങ്ങൾ വിലയിരുത്തുന്നതിന് വേണ്ടിയാണ് ഈ യോഗം കൂടിയത്.

ഡിവിഷൻ തിരിച്ചുള്ള ഡിസ്കണക്ഷൻ ടാർഗറ്റ്-അച്ചീവ്മെന്റ് വിവരങ്ങൾ ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ പരിശോധിച്ചു. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ഡിസ്കണക്ഷൻ ടാർഗറ്റ് നൽകിയതിൽ 50% -ന് മുകളിൽ അച്ചീവ് ചെയ്ത ഡിവിഷനുകൾ സുൽത്താൻ ബത്തേരി, അരുവിക്കര, തളിപ്പറമ്പ, തൊടുപുഴ, ഇരിഞ്ഞാലക്കുട, ആറ്റിങ്ങൽ എന്നിവയാണ്. 50 ശതമാനത്തിൽ താഴെ അച്ചീവ് ചെയ്ത ഡിവിഷനുകളോട് ഡിസ്കണക്ഷൻ കുറയാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കുവാൻ ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ ആവശ്യപ്പെട്ടു.

- നിപ്പ രോഗം റിപ്പോർട്ട് ചെയ്തതത് കൊണ്ട് കന്റോൺമെന്റ് സോണിൽ ഉൾപ്പെട്ടതിനാൽ ഡിസ്കണക്ഷൻ കുറയാൻ കാരണമായി എന്ന് കോഴിക്കോട്, വടകര എന്നീ ഡിവിഷനുകളിലെ റവന്യൂ ഓഫീസർമാർ വ്യക്തമാക്കി.
- കോഴിക്കോട് ഡിവിഷനിൽ ഡിസ്കണക്ഷനു പോയ ജീവനക്കാരൻ ആക്രമണത്തിനിരയായ സംഭവത്തിൽ മേൽ ഉദ്യോഗസ്ഥർ വേണ്ട രീതിയിൽ ഗൗരവമായി അക്കാര്യം പരിഗണിച്ചില്ല എന്ന് പരാതി ഉയർന്നതായി അക്കൗണ്ട്സ് ഓഫീസർ, കോഴിക്കോട് സർക്കിൾ അറിയിച്ചു.
- പ്രതികൂല കാലാവസ്ഥ വിച്ഛേദന നടപടികൾ പൂർത്തിയാക്കുന്നതിനെ സാരമായി ബാധിച്ചതായി ഭൂരിഭാഗം റവന്യു ഓഫീസർമാരും അറിയിച്ചു.
- ഡിസ്കണക്ഷൻ നടപടികൾക്കായി പോകുന്ന സമയത്ത് കുടിശ്ശിക അടച്ച് ഡിസ്കണക്ഷനിൽ നിന്നും ഒഴിവാകുന്ന ഉപഭോക്താക്കളുടെ എണ്ണം കൂടി ഡിസ്കണക്ഷൻ ടാർഗറ്റ് അച്ചീവ്മെന്റ് ശതമാനം കണക്കാക്കുന്നതിന് പരിഗണിക്കണമെന്ന് റവന്യൂ ഓഫീസർമാർ നിർദ്ദേശിച്ചു
- സിവിൽ സ്റ്റേഷനുകൾ പോലെ ഒന്നിലധികം ഓഫീസുകൾ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എങ്കിൽ ഓരോ ഓഫീസിലും പ്രത്യേകം പ്രത്യേകം മീറ്ററുകൾ സ്ഥാപിച്ച് പ്രത്യേകം ബില്ലുകൾ നല്കാവുന്നതാണെന്നു ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.
- ഒരു ലക്ഷം രൂപക്ക് മുകളിൽ കുടിശ്ശികയുള്ള പ്രൈവറ്റ് കണക്ഷനുകളുടെ ഡിവിഷൻ തിരിച്ചുള്ള എണ്ണം, കുടിശ്ശിക തുക എന്നിവ എസ്.എസ്, ആർ.എം.സി അവതരിപ്പിച്ചു. ഡിസ്കണക്ഷൻ നടപടികളിൽ, ഏറ്റവും കൂടുതൽ കുടിശികയുള്ള കണക്ഷനുകൾക്ക് മുൻതൂക്കം നൽകേണ്ടതാണെന്ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു .
- മീറ്റർ റീഡിങ് ടാർഗറ്റ് കൂട്ടിയതിനാലും ഡിസ്കണക്ഷൻ ടാർഗറ്റ് പൂർത്തിയാക്കേണ്ടതുള്ളതിനാലും റൂട്ട് മാപ്പിംഗ് കൂടി സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കാൻ കഴിയില്ല എന്ന് ഭൂരിഭാഗം റവന്യൂ ഓഫീസർമാരും വ്യക്തമാക്കി.
- റൂട്ട് മാപ്പിങ് ജോലികൾ ജെ.ജെ.എം വോളന്റിയർമാരെ ഏൽപ്പിച്ചാൽ റൂട്ട് അറിയാത്തത് കാരണം മീറ്റർ റീഡർമാർ കൂടി അവരോടൊപ്പം പോകേണ്ടതായി വരുന്നു എന്നുള്ളത് റൂട്ട് മാപ്പിങ് പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുവെന്നും എന്നാൽ ചില ഡിവിഷൻ ഓഫീസുകളിൽ ജെ.ജെ.എം വോളന്റിയർമാർ ഇല്ല എന്നും റവന്യൂ ഓഫീസർമാർ അറിയിച്ചു.
- റൂട്ട് മാപ്പിങ് ചെയ്യേണ്ടത് എങ്ങനെ എന്നതിനെ പറ്റി വിശദമാക്കുന്നതിന് ഓൺലൈൻ ആയി നടത്തിയ മീറ്റിംഗിൽ സാങ്കേതിക കാരണങ്ങളാൽ പല മീറ്റർ റീഡർമാർക്കും പങ്കെടുക്കാൻ സാധിച്ചില്ല. ആയതിനാൽ റൂട്ട് മാപ്പിങ് ചെയ്യുന്നതിന് സെക്ഷൻ തിരിച്ച് ട്രെയിനിങ് നൽകേണ്ടതാണെന്ന് റവന്യൂ ഓഫീസർമാർ അറിയിച്ചു.
- ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് കണക്ഷനുകൾ ശരിയായി മാർക്ക് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കണക്ഷനുകൾ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റുകൾ ഉന്നയിക്കുന്ന തർക്കങ്ങൾ പരിഹരിക്കേണ്ടതും സർക്കിൾ അക്കൗണ്ട്സ് ഓഫീസർമാരുടെ ചുമതലയാണെന്ന് അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി അറിയിച്ചു.
- ബി.പി.എൽ മസ്റ്ററിങ്ങിനായി പ്രത്യേകം മോഡ്യൂൾ വളരെ നേരത്തെ ചെയ്യേണ്ടതുണ്ട്. എന്നാൽ മാത്രമേ സമയപരിധിക്കുള്ളിൽ മസ്റ്ററിങ് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് നോർത്ത് ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ അറിയിച്ചു. ഇത് നടപ്പിലാക്കുന്നതിന് വേണ്ടി യു.ഒ നോട്ട് ഡി.ബി.എ-ക്ക് നൽകിയിട്ടുണ്ട് എന്ന് എസ്.എസ്, ആർ.എം.സി അറിയിച്ചു.

I/30968/2023

- ഷൊർണ്ണൂർ ഡിവിഷനിൽ റവന്യൂ ഓഫീസറെ അടിയന്തരമായി നിയമിക്കേണ്ടതാണെന്ന് ഡിവിഷണൽ അക്കൗണ്ടന്റ്, ഷൊർണ്ണൂർ ഡിവിഷൻ അറിയിച്ചു. ഇതിലേക്കായി ഹെഡ് ക്ലർക്ക് തസ്തിക മുതൽ മുകളിലേക്കുള്ള ജീവനക്കാരിൽ നിന്നും താല്പര്യമുള്ളവരുടെ ലിസ്റ്റ് ഡിവിഷനിൽ നിന്ന് ഹെഡ് ഓഫീസിലേക്ക് പ്രൊപ്പോസൽ നൽകാൻ അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി അറിയിച്ചു.
- ഡിവിഷനിൽ നിന്ന് ഗൂഗിൾ ഷീറ്റ് വഴി കളക്ട് ചെയ്യുന്ന ഡേറ്റ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യേണ്ടതും ആയതിന്റ സാരാംശം ബോർഡ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ബോർഡിൽ സമർപ്പിക്കുന്നതും ആണ്. ഡിവിഷനുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റയിൽ പല തരം പിഴവുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ സമർപ്പിക്കുന്ന വിവരങ്ങൾ പൂർണമായും ശരിയാണെന്നു ഉറപ്പുവരുത്തേണ്ട ചുമതല അതാത് റവന്യൂ ഓഫീസർമാർക്ക് ആണെന്ന് എസ്.എസ്, ആർ.എം.സി ഓർമിപ്പിച്ചു.നെയ്യാറ്റിൻകര ഡിവിഷൻ കഴിഞ്ഞ 6 മാസമായി സമയ ബന്ധിതമായി ഡാറ്റ കൃത്യമായി നൽകുന്നില്ല ,തന്മൂലം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട് .
- താരിഫ് വർദ്ധന വന്നതിനോടൊപ്പം ലീക്ക് ബെനിഫിറ്റ് ഇളവുകൾ നൽകുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ആയത് പുനഃപരിശോധിക്കേണ്ടതാണ്. അതിനോടൊപ്പം സിവറേജ് കണക്ഷൻ ഉള്ള ഉപഭോക്താക്കൾക്ക് ലീക്ക് ബെനിഫിറ്റ് നൽകുന്നതിന് സിവറേജ് ചാർജ് കൂടി പരിഗണിച്ച് ലീക്ക് കാൽക്കുലേഷൻ പുനക്രമീകരിക്കണമെന്ന് റവന്യൂ ഓഫീസർ, തിരുവനന്തപുരം സൗത്ത് ആവശ്യപ്പെട്ടു.

ബഹു മാനേജിങ് ഡയറക്ടറുടെ സാനിധ്യത്തിൽ നടത്തിയ മുൻ റവന്യൂ മീറ്റിംഗ് തീരുമാനപ്രകാരം മുപ്പത് കിലോലിറ്ററിനു മുകളിൽ ഉപഭോഗമുള്ളതും ആറുമാസത്തിൽ കൂടുതൽ കുടിശികയുള്ളതുമായ കണക്ഷനുകളുടെ (15-09-2023 മുതൽ 15-10-2023 വരെ ഡിസ്കണക്ഷൻ ചെയ്യേണ്ടവ) സെക്ഷൻ തിരിച്ചുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു

5.00 PM -ന് യോഗം അവസാനിച്ചു.